ഉത്തരവ് (ആർ.റ്റി)നമ്പർ 3069/2006/ ആഭ്യന്തരം, പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വേഗത്തിലും മികച്ച രീതിയിലുമുള്ള കുറ്റാന്വേഷണം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് കൊണ്ട് ഉത്തരവായത്. ക്രമസമാധാന പരിപാലനചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് ഇതിനകം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പാസ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് പരമാവധി ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

കുറ്റകൃത്യങ്ങൾ

317 (295) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കവർച്ചകൾ, ഭവനഭേദനങ്ങൾ, പൊതുസ്ഥലങ്ങളിലെ പിടിച്ചുപറിക്കൽ, കള്ളനോട്ട് കേസ്സുകൾ, ചെക്ക് തട്ടിപ്പ്, മണിചെയിൻ തട്ടിപ്പ്, മറ്റ് ഓൺലൈൻ തട്ടിപ്പ് എന്നിവ എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തിൽ മാത്രം ഇവ എത്രവീതം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേസ്സുകളിലോരോന്നിലും പ്രതികളായിട്ടുള്ളവർ എത്ര; ഇതിൽ ഓരോന്നിലും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവർ എത്ര; വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് കവർച്ചകൾ 3651, ഭവനഭേദനങ്ങൾ 13065, പൊതുസ്ഥലങ്ങളിലെ പിടിച്ചുപറി 3030, കള്ളനോട്ട് കേസ്സുകൾ 250 , ചെക്ക് തട്ടിപ്പ് 201, മണിചെയിൻ തട്ടിപ്പ് 746, ഓൺലൈൻ തട്ടിപ്പ് 113 എന്നിങ്ങനെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2015, 2016 വർഷങ്ങളിൽ കവർച്ചകൾ, ഭവനഭേദനങ്ങൾ, പൊതുസ്ഥലങ്ങളിലെ പിടിച്ചുപറി, കള്ളനോട്ട് കേസുകൾ, ചെക്ക് തട്ടിപ്പ്,

LIBRARY ARCHIVES Kerala Legislative Assembly

മണിചെയിൻ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് എന്നിവ എത്രവീതം റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്നുള്ള വിവരം പട്ടിക പ്രകാരം ചുവടെ ചേർക്കുന്നു:

	2015 No. of cases Regd.	2016 upto Jan 31 No.of cases Regd.
കവർച്ചകൾ	763	119
ഭവനഭേദനങ്ങൾ	2858	187
പൊതുസ്ഥലങ്ങളിലെ പിടിച്ചുപറി	637	40
കള്ളനോട്ട് കേസുകൾ	61	2
ചെക്ക് തട്ടിപ്പ്	51	2
മണിചെയിൻ തട്ടിപ്പ്	5	1
ഓൺലൈൻ തട്ടിപ്പ്	36	2

(സി) പ്രസ്തുത കേസുകളിലോരോന്നിലും പ്രതികളായിട്ടുള്ളവർ, അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവർ എന്നിവരുടെ വിവരം ചുവടെ ചേർക്കുന്നു :

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഇതുവരെ
(18-5-2011 മുതൽ 31-1-2016 വരെ)

	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	പ്രതികളായിട്ടുള്ളവരുടെ എണ്ണം	അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവരുടെ എണ്ണം
കവർച്ചകൾ	3651	4234	814
ഭവനഭേദനങ്ങൾ	13065	11131	2635
പൊതുസ്ഥലങ്ങളിലെ പിടിച്ചുപറി	3030	3101	914
കള്ളനോട്ട് കേസുകൾ	250	290	123
ചെക്ക് തട്ടിപ്പ്	201	249	60
മണിചെയിൻ തട്ടിപ്പ്	746	2202	563
ഓൺലൈൻ തട്ടിപ്പ്	113	112	89

LIBRARY ARCHIVES Kerala Legislative Assembly